**അടിയന്തരപ്രമേയം**

വരാപ്പുഴ കസ്റ്റഡി മരണം

മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് ഇന്ന് ശ്രീ. വി.ഡി. സതീശനും മറ്റ് രണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്. വരാപ്പുഴയിലെ കസ്റ്റഡി മരണം സംബന്ധിച്ചാണ് നോട്ടീസ്. കുറ്റവാളികളിൽ പലരും രക്ഷപെടുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും ഇത് ഗുരുതരമായ വിഷയമായതിനാൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് നോട്ടീസ്. നോട്ടീസ് വിശദമായി പരിശോധിച്ചപ്പോൾ, വരാപ്പുഴ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും പരിഗണനയിൽ വന്നതാണ്. മാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അന്വേഷണത്തിൽ ഇരിക്കുന്നതുമാണ്. ഇതേ വിഷയം സഭാ സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 5, 30 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയായി വിശദാംശങ്ങൾ ഉൾപ്പടെ സഭയിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. നിലവിൽ അന്വേഷണം നടന്നുവരുന്ന ഒരു വിഷയത്തിന്മേൽ ഇപ്പോൾ അടിയന്തര പ്രാധാന്യമുള്ളതായി കാണുന്നില്ല. കോടതി ഇടപെടുന്ന കേസ് അനുവദിക്കാൻ

നിർവ്വാഹമില്ല. അതുകൊണ്ട് അവതരണാനുമതി നൽകാൻ നിർവ്വാഹമില്ലായെന്ന് അറിയിക്കുന്നു. .......... (ബഹളം)...... ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വാഹമില്ല. യെസ്..... ഓർഡർ.... ഓർഡർ..... പ്ലീസ്..........

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. വി. ഡി. സതീശൻ ....... (ബഹളം)......

മി. സ്പീക്കർ: പ്ലീസ്..... ഇരിക്കൂ...... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ...... (ബഹളം)......

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ അടിയന്തര പ്രമേയത്തിനായി നോട്ടീസ് നൽകിയിട്ടുള്ളത് ഏറ്റവും അടിയന്തര സ്വഭാവമുള്ളതും ഇപ്പോഴുള്ള വിഷയവുമാണ്. കസ്റ്റഡി മരണം നിങ്ങൾക്ക് അടിയന്തര സ്വഭാവമുള്ളതല്ലായെന്നുള്ളത് മനസ്സിലായി. വരാപ്പുഴ കേസിലെ പ്രതികളെ സംരക്ഷിക്കാൻ വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തര സ്വഭാവമുള്ളതുതന്നെയാണ്.

കോടതിയിലിരിക്കുന്ന വിഷയമാണെങ്കിൽ ഈ ഫ്ലോറിൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം നൽകിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് സബ്ജുഡീസ് അല്ലേ; അങ്ങയുടെ വാദം നിലനിൽക്കുന്നതാണോ; അത് സബ്ജുഡീസ് അല്ലേ; ഇത് വളരെ തെറ്റായ ഒരു കീഴ്വഴക്കം ഉണ്ടാക്കുകയാണ്. ഷുഹൈബിന്റെ കേസുണ്ടായപ്പോൾ, സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഉണ്ടായിരുന്ന സമയത്താണ് ആ കേസ് ഇവിടെ ഉന്നയിച്ചത്. അതുപോലെ കെവിന്റെ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലിരിക്കുന്ന സന്ദർഭത്തിലാണ് ഇവിടെ ഉന്നയിച്ചത്. ഈ കാര്യത്തിൽ ഏറ്റവും അടിയന്തര സ്വഭാവം എന്നുപറയുന്നത് അവിടത്തെ പ്രതിയായിട്ടുള്ള എസ്.പി.യെയും ഡിവൈ.എസ്.പി.യേയും രക്ഷിക്കാനുള്ള ശ്രമം നടക്കുന്നു. കുറ്റക്കാരായ ആളുകളെ സംരക്ഷിക്കാൻ ശ്രമം നടക്കുന്നു. അതാണ് ഇതിന്റെ അടിയന്തര സ്വഭാവം. അതുകൊണ്ട് അങ്ങ് ഈ കാര്യം റീ-കൺസിഡർ ചെയ്യണം. ഏറ്റവും അടിയന്തര പ്രാധാന്യം അർഹിക്കുന്നതും കേരള സമൂഹത്തെ പിടിച്ചുകുലുക്കിയതുമായ അതിക്രൂരമായ ഒരു കസ്റ്റഡി മരണമാണ് ഇവിടെ ഉണ്ടായത്. അതിനെ സംബന്ധിച്ച് ഈ സഭ ചർച്ചചെയ്യില്ലെങ്കിൽ പിന്നെന്ത് ചർച്ചചെയ്യാനാണ് ഈ സഭയിവിടെയുള്ളത്;

പിന്നെ എന്തിനാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നത്; ഇത് ഉന്നയിക്കാനല്ലെങ്കിൽ പിന്നെന്തിനാണ് ഞങ്ങളിവിടെ ഇരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഈ റൂളിംഗ് പുനഃപരിശോധിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ചട്ടം 53 അങ്ങയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം. ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ കോടതിയുടെയോ മുൻപാകെ തീർപ്പാക്കാതിരിക്കുന്ന ഒരു സംഗതിയെക്കുറിച്ച് ഒരു ചർച്ച ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ഒരു പ്രമേയവും അവതരിപ്പിക്കാൻ സാധാരണ ഗതിയിൽ അനുവദിക്കാൻ പാടില്ല. ഇതാണ് ചട്ടം. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഇത് അനുവദിക്കാൻ നിർവ്വാഹമില്ല. ........(ബഹളം)............

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് ഏറ്റവും അടിയന്തര സ്വാഭാവമുള്ള വിഷയമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും നിഷ്ഠൂരമായ ഒരു കൊലപാതകം, പോലീസ് ലോക്കപ്പിൽ വച്ച് ഒരു ചെറുപ്പക്കാരനെ ചവിട്ടിക്കൊന്ന സംഭവം, അസാധാരണമായ ഒരു സംഭവമാണ്.

സാധാരണനിലയിൽ അങ്ങ് അനുവദിക്കണ്ടേ. അസാധാരണമായ ഈ സംഭവത്തെപ്പറ്റി ചർച്ച ചെയ്യാനല്ലെങ്കിൽ ഞങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്; ഇത് എന്തു നടപടിയാണ്; ഇത് അംഗീകരിക്കാൻ നിവർത്തിയില്ല.

മി. സ്പീക്കർ: ചട്ടങ്ങൾ അനുസരിച്ച് നിർവ്വാഹമില്ല. പ്ലീസ്.....പ്ലീസ്...... അങ്ങ് ദയവായി മനസ്സിലാക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഹിയറിംഗ് കഴിഞ്ഞു വീണ്ടും 13-06-2018-ന് ബഹു.ഹൈക്കോടതി പരിഗണിയ്ക്കാനിരിക്കുന്ന വിഷയമാണ്. ചട്ടപ്രകാരം നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. ചട്ടങ്ങളനുസരിച്ച് നിർവ്വാഹമില്ലാത്തതിനാൽ അങ്ങ് ദയവായി സഹകരിക്കണം. ..........(ബഹളം) ...............

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, എല്ലാ സ്പീക്കർമാരും എടുത്ത നടപടിയിൽനിന്നും വ്യത്യസ്തമായ ഒരു നടപടി അങ്ങ് എടുക്കരുത്. അത് ശരിയല്ല. കേരളത്തെ നടുക്കിയ നിഷ്ഠൂരമായ ഒരു ലോക്കപ്പ് കൊലപാതകത്തെക്കുറിച്ച് ഇവിടെ ഉന്നയിക്കാൻ അങ്ങ് റൂൾ 68 പറയുന്നത് എത്രമാത്രം ന്യായീകരിക്കാൻ കഴിയുന്നതാണ്. തെറ്റായ ഒരു നടപടിയല്ലേ. കേരള ചരിത്രത്തിലെ ഏറ്റവും അസാധാരണമായ സംഭവമാണിത്.

അതുകൊണ്ട് ഉന്നയിക്കേണ്ടിവരും. .........(ബഹളം)........ അത് ഉന്നയിക്കാൻ അനുവാദം വാങ്ങേണ്ടിവരും. റൂൾ 68 അനുസരിച്ച് ഈ സഭയിൽ നിരവധി തവണ ....

മി.സ്പീക്കർ: ലാ മിനിസ്റ്റർ സംസാരിക്കട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, I am on my legs.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, റൂൾ 53-ന്റെ ക്ലിപ്ത നിബന്ധനപ്രകാരം കോടതിയുടെ പരിഗണനയിലുള്ള വിഷയം ഹാനികരമല്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് ബോധ്യപ്പെടുന്ന പക്ഷം, അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് സഭയിൽ ഉന്നയിക്കാൻ അനുവദിക്കാൻ അധികാരമുണ്ട്. ഇതിനുമുമ്പ് ബാർകോഴ കേസ്, സോളാർ കേസ് തുടങ്ങിയ നിരവധി കേസുകൾ കോടതിയിൽ പരിഗണനയിലുള്ളപ്പോൾ എത്രയോ തവണ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് റൂൾ 53-ലെ ക്ലിപ്ത നിബന്ധനപ്രകാരം ഇത് സഭയിൽ ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രീ.വി.ഡി.സതീശനെ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ: 13-06-21018-ന് ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ

വരുന്ന ഒരു വിഷയം സഭയിൽ കൊണ്ടുവരുന്നത് യുക്തിസഹമല്ല എന്ന നിലപാടാണ് ചെയർ സ്വീകരിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അങ്ങ് ഇങ്ങോട്ട് ഒന്നു നോക്കു, ഞാൻ കുറേനേരമായല്ലോ നിൽക്കാൻ തുടങ്ങിയിട്ട് ...

മി.സ്പീക്കർ : അങ്ങ് പറയാനുള്ളത് പറയൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് 2018 ഏപ്രിൽ 9-ന് നടന്ന സംഭവമാണ്. ഇതിൽ ഏതെങ്കിലും രൂപത്തിലുള്ള അടിയന്തര സ്വഭാവമുണ്ടായിരുന്നെങ്കിൽ നിയമസഭ തുടങ്ങിയ ദിവസംതന്നെ അടിയന്തിര പ്രമേയമായിട്ട് കൊണ്ടുവരേണ്ടതായിരുന്നു. ..........(ബഹളം)........... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുതന്നെ അറിയാം. ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഗവൺമെന്റ് പൂർത്തീകരിച്ചു. അതുകൊണ്ടുതന്നെയാണ് അടിയന്തരപ്രമേയം ആദ്യത്തെ ദിവസവും, രണ്ടാം ദിവസവും മൂന്നാം ദിവസവും കൊണ്ടുവരാതിരുന്നത്. ........(ബഹളം)........ ഇത്രയും അടിയന്തര സ്വഭാവമുണ്ടായിരുന്നെങ്കിൽ 2018 ഏപ്രിൽ 9-ന് നടന്ന സംഭവമായിരുന്നിട്ടും

എന്തുകൊണ്ട് അടിയന്തരപ്രമേയം കൊണ്ടുവന്നില്ല; ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ പരിപൂർണ്ണമായി 100% ഗവൺമെന്റ് പൂർത്തീകരിച്ചു കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് 9 പ്രതികളെ അറസ്റ്റുചെയ്തുകഴിഞ്ഞു. എസ്.പി.അടക്കം 11 പേരെ സസ്പെന്റ് ചെയ്തു. ........ (ബഹളം).........

മി.സ്പീക്കർ: അങ്ങ് വിശദാംശങ്ങളിലേയ്ക്ക് പോകണ്ട. ചെയർ പരിഗണിച്ചിട്ടുള്ളത് കോടതിയുടെ പരിഗണനയിലുള്ള വിഷയമാണെന്നുള്ളതാണ്. എപ്പോൾ കൊണ്ടുവരണം, കൊണ്ടുവരേണ്ട എന്നുള്ളതൊക്കെ അവരുടെ രാഷ്ട്രീയ നിലപാടാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത്തരം അടിയന്തരപ്രമേയങ്ങൾ കൊണ്ടുവരുന്നത്.......

മി. സ്പീക്കർ: അങ്ങ് പറയുന്ന കാര്യങ്ങൾ ചെയറിനെ സ്വാധീനിക്കുന്നില്ല. ചെയറിനെ സ്വാധീനിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെന്നുള്ളത് മാത്രമാണ്. പ്ലീസ്... ......പ്ലീസ്........ (ബഹളം)..........

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുന്നിൽവന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)